**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2095** — **20-01-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് രോഗികളുടെ അമിത ഉത്കണ്ഠ കുറയ്ക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **Smt. K. K .Shailaja Teacher (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി)** | |
| (എ) | അമിതമായ ഉത്കണ്ഠ കാരണം കോവിഡ് രോഗികൾ ആശുപത്രികളിലും ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകളിലും ആത്മഹത്യ ചെയ്ത സംഭവം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രപേർ ആത്മഹത്യ ചെയ്തുവെന്ന് അറിയിക്കാമോ; | (എ) | 7 പേർ ആത്മഹത്യ ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. തിരുവനന്തപുരം മെഡിക്കൽ കോളേജ് - 3 തൃശൂർ മെഡിക്കൽ കോളേജ് - 1 തൃശൂർ മാനസികാരോഗ്യ കേന്ദ്രം - 1 കണ്ണൂർ മെഡിക്കൽ കോളേജ് - 1 മലപ്പുറം മഞ്ചേരി ജയിൽ(CFLTC) - 1 ആകെ - 7പേർ |
| (ബി) | കോവിഡ് രോഗികളുടെ അമിത ഉത്കണ്ഠ കുറയ്ക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | കോവിഡ് രോഗവ്യാപനവുമായി ബന്ധപ്പെട്ട് മാനസിക – സാമൂഹിക പിന്തുണ നൽകുന്നതിനായി സർക്കാർ ഫെബ്രുവരി ആദ്യവാരം തന്നെ "ഒറ്റയ്ക്കല്ല ഒപ്പമുണ്ട് " എന്ന പേരിൽ സൈക്കോ സോഷ്യൽ സപ്പോർട്ട് ടീം രൂപീകരിക്കുകയുണ്ടായി. ഓഖി സമയത്തും, പ്രളയത്തിലും നടത്തിയിട്ടുള്ള മാനസികാരോഗ്യ ദുരന്ത നിവാരണ പ്രവർത്തനങ്ങളുടെ തുടർച്ചയായി തന്നെ ആരോഗ്യവകുപ്പിന്റെ മാനസികാരോഗ്യ പരിപാടിയുടെ കീഴിലാണ് എല്ലാ ജില്ലകളിലും ഇത് രൂപീകരിച്ചിട്ടുള്ളത്. സൈക്യാട്രിസ്റ്റ്, സൈക്യാട്രിക് സോഷ്യൽ വർക്കർ, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, കൗൺസിലർമാർ എന്നിവർ ഉൾപ്പെട്ട 1304 മാനസികാരോഗ്യ പ്രവർത്തകർ എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്നു. ഇവർ ക്വാറന്റൈൻ/ ഐസൊലേഷൻ -ൽ കഴിയുന്ന എല്ലാ വ്യക്തികൾക്കും ടെലിഫോൺ മുഖാന്തിരം സൈക്കോ സോഷ്യൽ സപ്പോർട്ട് നൽകുന്നു. മാനസിക സമ്മർദ്ദം, ഉത്കണ്ഠ, വിഷാദം, ഉറക്കക്കുറവ് എന്നിവയ്ക്ക് വിദഗ്ദ്ധ സേവനം ലഭ്യമാക്കുന്നു. സ്റ്റിഗ്മ, സാമൂഹിക ആവശ്യങ്ങൾ എന്നിവയ്ക്ക് അതാത് പഞ്ചായത്ത്/ഐ.സി.ഡി.എസ് മുഖാന്തിരം സഹായം നൽകുന്നു. ഇതുവരെ ക്വാറന്റൈൻ/ ഐസൊലേഷനിൽ കഴിയുന്ന 2799684 പേർക്ക് ഇപ്രകാരം സേവനം നൽകിയിട്ടുണ്ട്. കൂടാതെ ലോക്ക്ഡൗൺ കാലത്ത് മനോരോഗ ചികിത്സയിൽ |

| | | | |
|---|---|---|---|
| | | | ഇരിക്കുന്നവർ, ഭിന്നശേഷി കുട്ടികൾ, അതിഥി തൊഴിലാളികൾ, ഒറ്റയ്ക്ക് താമസിക്കുന്ന വയോജനങ്ങൾ എന്നിങ്ങനെ 348860 പേർക്കും 40543 ആരോഗ്യപ്രവർത്തകർക്കും സൈക്കോ സോഷ്യൽ സപ്പോർട്ട് കോളുകൾ നൽകിയിട്ടുണ്ട്. സ്കൂൾ കുട്ടികളുടെ മാനസിക സാമൂഹിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി 557342 കോളുകൾ ചെയ്യുകയും 55106 കുട്ടികൾക്ക് നാളിതുവരെ കൗൺസിലിംഗ് നൽകുകയും ചെയ്തിട്ടുണ്ട്. എല്ലാ വിഭാഗങ്ങളിലുമായി ഇതുവരെ 6545574 പേർക്ക് സൈക്കോ സോഷ്യൽ സപ്പോർട്ട്/കൗൺസിലിംഗ് കോളുകൾ നൽകി കഴിഞ്ഞു. കോവിഡ് വ്യാപനവുമായി ബന്ധപ്പെട്ട് പല ജില്ലകളിലും ആത്മഹത്യകൾ റിപ്പോർട്ട് ചെയ്തതിനാൽ സംസ്ഥാനത്ത് ഒട്ടാകെ "ജീവൻരക്ഷ" എന്ന പേരിൽ ആത്മഹത്യ പ്രതിരോധ ക്യാമ്പയിൻ ആരംഭിച്ചിട്ടുണ്ട്. |
| (സി) | കോവിഡ് വാർഡുകളിലെ രോഗികളെ സി.സി.ടി.വി വഴി നിരീക്ഷിക്കുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ എന്നറിയിക്കാമോ? | (സി) | നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ